**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2188** **11-10-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം താലൂക്കിലെ അംഗീകൃത ലൈസൻസികളില്ലാത്ത റേഷൻഡിപ്പോകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള ചാത്തന്നൂർ, പരവൂർ എന്നീ ഫർക്കകളിൽ അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻഡിപ്പോകൾ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റേഷൻഡിപ്പോകളുടെ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. ഫർക്ക എ.ആർ.ഡി നം. പരവൂർ 231, 236, 238, 246 ചാത്തന്നൂർ 276, 281, 287, 300 |
| (ബി) | അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാത്ത റേഷൻഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നതിന് പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | KTPDS (Control) Order, 2021 നിലവിൽ വന്ന സാഹചര്യത്തിൽ സ്ഥിരമായി റദ്ദ് ചെയ്തതും നടപടികൾ പൂർത്തീകരിച്ചതിനു ശേഷം അറ്റാച്ച് ചെയ്തതുമായ കടകളുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ ഡയറക്ടർ സ്വീകരിച്ചുവരുന്നു. |
| (സി) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ അംഗീകൃത ലൈസൻസികളില്ലാതെ പ്രവർത്തിക്കുന്ന റേഷൻഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുജനങ്ങൾ ജനപ്രതിനിധി മുഖേന നൽകിയ നിവേദനത്തിന്മേൽ (ഫയൽ നം. ബി2/ 42/2020 തീയതി 13.03.2020, ബി2/ 4375118/2020 തീയതി 15.07.2020) സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള എ.ആർ.ഡി 239 ന് സ്ഥിരം ലൈസൻസിയെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 01.03.2021 ലെ ബി2/42/2020/ ഭ.പാ.വി.വ നമ്പർ കത്ത് പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം താലൂക്കിൽപ്പെട്ട എ.ആർ.ഡി 246 ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 4375118/ ബി2/2020/ഭ.പൊ.വി.വ നമ്പർ കത്ത് പ്രകാരം പൊതുവിതരണ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് അത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ